കാസർഗോഡ്, കെ. എസ്. ആർ. ടി. സി.-യുടെ നിയന്ത്രണത്തിലുള്ള എസ്.സി.ടി. കോളേജ്, തിരുവനന്തപുരം, സ്വകാര്യ സ്വാശ്രയ സ്ഥാപനമായ എം. ഇ. എസ്. കോളേജ്, കുറ്റിപ്പുറം എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

(സി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ ഒരു സ്വയം ഭരണസ്ഥാപനം ആയിരിക്കണം. കൂടാതെ സ്ഥാപനത്തിനുവേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ, ലൈബ്രറി, ലബോറട്ടറി എന്നിവയും മെച്ചപ്പെട്ട രീതിയിൽ ഉണ്ടായിരിക്കണം. വിവിധ സൗകര്യങ്ങളും സാഹചര്യങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

എക്സ്പ്രസ് ഹൈവേയ്ക്ക് സാമ്പത്തിക സഹായം നിഷേധിക്കാൻ കാരണം

6 (*737) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേയ്ക്ക് സാമ്പത്തിക സഹായം നൽകേണ്ടതില്ലെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ ഈ സഹായത്തിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(സി) കേന്ദ്ര സഹായം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ-സി) കേന്ദ്ര സർക്കാരിന്റെ പക്കൽ എക്സ്പ്രസ് വേ നിർമ്മാണത്തിന് സഹായം നൽകുന്ന പദ്ധതികളൊന്നും ഇല്ല. നാം സഹായത്തിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടില്ല. നിർദ്ദിഷ്ട പദ്ധതിയുടെ ധനപരമായ ചട്ടക്കൂട് ഏത് രീതിയിലായിരിക്കണമെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണിരിക്കുന്നത്.

ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ആക്ഷൻ പ്ലാൻ

7 (*738) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ആക്ഷൻ പ്ലാനിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly